**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി X
# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

**(FOREST, ENVIRONMENT AND TOURISM)**

'തീർത്ഥാടന ടൂറിസം സർക്യൂട്ട്' എന്ന വിഷയം സംബന്ധിച്ച
പ്രത്യേക റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടപ്രകാരമുള്ളത്

[Under Rule 239 of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

2014 ഡിസംബർ 3-ാം തീയതി സമർപ്പിച്ചത്

(Presented on 3rd December 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി X

## (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST, ENVIRONMENT AND TOURISM)

**'തീർത്ഥാടന ടൂറിസം സർക്യൂട്ട്' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടപ്രകാരമുള്ളത്

[Under Rule 239 of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1274/2014.

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## വിഷയനിർണ്ണയ സമിതി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

(2013-2016)

**ഘടന**

ചെയർമാൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. അജിത്

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. റ്റി. യു. കുരുവിള

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. ബി. സത്യൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. സണ്ണി ജോസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)-ാം ഉപചട്ടം 3(iii)-ാം ഇനത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം 'തീർത്ഥാടന ടൂറിസം സർക്യൂട്ട്' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

വിനോദസഞ്ചാരികളുടെ ആകർഷക കേന്ദ്രമായ കേരള സംസ്ഥാനം തീർത്ഥാടന ടൂറിസത്തിന് വളരെയേറെ സാദ്ധ്യതയുള്ള ഒരു പ്രദേശം കൂടിയാണ്. ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ മതവിഭാഗങ്ങൾക്കു പുറമേ മറ്റുപല മതവിഭാഗങ്ങളുടെയും ആരാധനാലയങ്ങൾ കേരളത്തിൽ കാണാൻ കഴിയും. വിനോദസഞ്ചാരത്തിലധിഷ്ഠിതമായ മാനസികോല്ലാസം എന്ന പരമ്പരാഗത രീതിയിൽനിന്നും വ്യതിചലിച്ചുകൊണ്ട് ആത്മീയമായ ഒരു സംതൃപ്തി എന്ന ആശയം ഉൾക്കൊള്ളുന്നതാണ് തീർത്ഥാടന ടൂറിസം എന്നത്. വിവിധ മതവിഭാഗങ്ങളെ ആകർഷിക്കുന്ന നിരവധി തീർത്ഥാടന കേന്ദ്രങ്ങളുടെ സാന്നിദ്ധ്യം കേരളത്തെ ഈ രംഗത്തും വിനോദസഞ്ചാരികളുടെ പ്രിയപ്പെട്ട ആകർഷക കേന്ദ്രമായി മാറ്റുന്നു. വിവിധ മതവിഭാഗങ്ങളുടെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ സംയോജിപ്പിച്ചുകൊണ്ട് പിൽഗ്രിം ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കുന്നതുവഴി കൂടുതൽ തീർത്ഥാടക ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് സാധിക്കും എന്ന കാര്യത്തിൽ തർക്കമില്ല.

വിനോദസഞ്ചാര വകുപ്പിന്റെ പരിധിയിൽവരുന്ന 'തീർത്ഥാടന ടൂറിസം സർക്യൂട്ട്' എന്ന വിഷയം സംബന്ധിച്ച് സമിതി 20-11-2013-ൽ വിനോദസഞ്ചാരവകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സമിതിക്ക് ലഭിച്ച വിവരങ്ങളും അതിന്മേലുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സമിതിയുടെ 31-10-2014-ൽ ചേർന്ന യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവഞ്ചൂർ രാധാകൃഷ്ണൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി X.*

തിരുവനന്തപുരം,
2014 ഒക്ടോബർ 31.

## റിപ്പോർട്ട്

ലോകം ഇരുപത്തി ഒന്നാം നൂറ്റാണ്ടിലേക്ക് കടന്ന വേളയിൽ ഭാഷാ ദേശ ഭേദമന്യേ ലോകടൂറിസം മേഖലയിൽ ഉരുത്തിരിഞ്ഞു വന്ന ഒരു വികാസ മേഖലയാണ് തീർത്ഥാടനം എന്ന സങ്കൽപ്പത്തോടൊപ്പം വിനോദം എന്ന ഉദ്ദേശം കൂടി ചേർത്തിട്ടുള്ള പിൽഗ്രിമേജ് ടൂറിസം അഥവാ തീർത്ഥാടനടൂറിസം എന്ന ആശയം. വിവിധ മതവിഭാഗങ്ങൾ ഈ ആശയത്തെ ഉൾക്കൊള്ളുകയും അനുകൂലമായി പ്രതികരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് പുതിയ നൂറ്റാണ്ടിന്റെ ആദ്യ ദശകം പിന്നിട്ട ഉടനെ തന്നെ ആഗോളതലത്തിൽ ഈ സംരംഭത്തിന്റെ പ്രാധാന്യം വിളിച്ചറിയിക്കുന്നതായ ഗ്രീൻ പിൽഗ്രിമേറ്റ് നെറ്റ്‌വർക്ക് (Green Pilgrimate Network) എന്ന ഒരു കൂട്ടായ്മ ഉദ്ഘാടനം ചെയ്യപ്പെടുക ഉണ്ടായത്. ഒരു വർഷത്തിനുശേഷം 2012-ൽ, ഈ കൂട്ടായ്മയുടെ ശാഖകൾ ഭാരതത്തിലും രൂപം കൊള്ളുകയുണ്ടായി.

2. ഇത്തരം ഒരു കൂട്ടായ്മയുടെ അനന്തമായ സാദ്ധ്യതകൾ ബോധ്യമായതോടെ സംസ്ഥാനതലങ്ങളിലും തീർത്ഥാടനടൂറിസം എന്ന ആശയം പ്രാവർത്തിക മാക്കുന്നതിന്റെ മുന്നോടിയായി വൈവിദ്ധ്യമാർന്ന നടപടികൾ ആരംഭിക്കുകയും ചെയ്തു. അതിന്റെ തുടർച്ചയെന്നോണം നമ്മുടെ സംസ്ഥാനത്തിന്റെ കാര്യത്തിലും ഈ ദിശയിൽ സജീവമായ നിരവധി പ്രവർത്തനങ്ങൾ തുടങ്ങിവയ്ക്കുവാൻ കഴിഞ്ഞു. വിവിധ മതവിഭാഗങ്ങളെ ആകർഷിക്കുന്ന നിരവധി തീർത്ഥാടന കേന്ദ്രങ്ങളുടെ സാന്നിധ്യം, വിനോദസഞ്ചാരികളുടെ ആകർഷക കേന്ദ്രമായി നമ്മുടെ സംസ്ഥാനത്തെ മാറ്റുന്നു.

3. കേരവൃക്ഷങ്ങളുടെ നാടായ കേരളം പ്രകൃതി സൗന്ദര്യത്തിലും, കലാ സാംസ്കാരിക പാരമ്പര്യത്തിലും പൈതൃകത്തിലും അതീവ സമ്പന്നമാണ്. കേരളത്തിലെ സവിശേഷമായ ഭൂപ്രകൃതിയും സമാധാനപരമായ സാമൂഹ്യാന്തരീക്ഷവും വിനോദസഞ്ചാരികളുടെ പറുദ്ദീസയാക്കുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. വിനോദസഞ്ചാരികളുടെ പ്രിയപ്പെട്ട വിനോദസഞ്ചാരകേന്ദ്രമായ കേരളം തീർത്ഥാടന ടൂറിസത്തിന് വളരെയധികം സാദ്ധ്യതയുള്ള ഒരു പ്രദേശമാണ്. വിവിധ മതവിഭാഗങ്ങളെ ആകർഷിക്കുന്ന നിരവധി തീർത്ഥാടന കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ മതവിഭാഗങ്ങൾക്കു പുറമേ ജൈനമതക്കാരുടെയും ജൂതമതക്കാരുടെയും ആരാധനാലയങ്ങൾ കേരളത്തിലുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും നിരവധി ജനങ്ങൾ ആത്മനിർവൃതി തേടി ദിനംപ്രതി ഈ തീർത്ഥാടന കേന്ദ്രങ്ങളിൽ എത്താറുമുണ്ട്.

4. മതസൗഹാർദ്ദം ലക്ഷ്യമാക്കി നാനാമത വിഭാഗങ്ങളുടെ തീർത്ഥാടന കേന്ദ്രങ്ങളിൽ സന്ദർശന സൗകര്യം ഒരുക്കുന്നതിനായി കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ കേരളത്തിലെ വിവിധ മതസ്ഥരുടെ ചരിത്രപ്രാധാന്യ മുള്ള പ്രമുഖ ആരാധനാലയങ്ങളെ ബന്ധപ്പെടുത്തി 'മൾട്ടി ഫെയ്ത്ത് ടൂർ' എന്ന പേരിൽ ഒരു പുതിയ ടൂർ പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. കാലടിയിലെ ശങ്കരമഠം, കൊടുങ്ങല്ലൂരിലെ ചേരമാൻ മസ്ജിദ്, വല്ലാർപാടത്തെ ബസലിക്ക, മട്ടാഞ്ചേരിയിലെ ജൂത ദേവാലയം എന്നിവയെ കോർത്തിണക്കിക്കൊണ്ട് ഒരു ദിവസം നീണ്ടുനിൽക്കുന്ന ടൂർ പാക്കേജിനാണ് ഇത്തരത്തിൽ രൂപം നൽകിയിട്ടുള്ളത്. ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന്റേയും അതിന്റെ കൂടുതൽ സാദ്ധ്യതകൾ ആരായുന്നതിന്റെയും ഭാഗമായി സമിതി 2013 നവംബർ 20-ാം തീയതി പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി.

5. വിവിധ മതസ്ഥരെയും മതവിശ്വാസങ്ങളെയും ഒരുമിപ്പിക്കുക എന്നതാണ് തീർത്ഥാടന ടൂറിസം പദ്ധതി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ തുടങ്ങിയ വിവിധ മതവിഭാഗ ത്തിൽപ്പെട്ടവർ ഇടകലർന്ന് വസിക്കുന്ന കേരളത്തിൽ വിശ്വാസങ്ങളിൽ വൈവിദ്ധ്യ മുണ്ടെങ്കിലും എല്ലാ വിഭാഗം ജനങ്ങളുടെയും സൗഹൃദപരമായ സഹകരണംമൂലം സമാധാനപരമായ ഒരു സമൂഹമായി നിലകൊള്ളാൻ സാധിക്കുന്നുവെന്നത് അതൃപൂർവ്വമായതും കേരളത്തിനുമാത്രം സ്വന്തമായതുമായ ഒരു അവസ്ഥ യാണെന്നത് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

6. വ്യത്യസ്ഥ മതവിഭാഗങ്ങളിൽപ്പെട്ടവർക്ക് സന്ദർശനം നടത്തുന്നതിന് പ്രവേശനാനുമതിയുള്ള ആരാധനാലയങ്ങളെ ഉൾപ്പെടുത്തി ഒരു ടൂർ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടെന്നും സംസ്ഥാനത്തിനു പുറത്തുള്ള സന്ദർശകരുൾപ്പെടെ താൽപ്പര്യമുള്ള എല്ലാ മതവിഭാഗത്തിൽപ്പെട്ടവർക്കും സന്ദർശിക്കുന്നതിനും ഒരു സ്പിരിച്വൽ ടൂർ പാക്കേജായി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനും അനുയോജ്യമായ വിധത്തിലാണ് ഇത് തയ്യാറാക്കിയിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ ജില്ല തിരിച്ചുള്ള വിവിധ ആരാധനാലയങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

**തിരുവനന്തപുരം**

ശ്രീ പത്മനാഭസ്വാമി ക്ഷേത്രം, ബീമാപ്പള്ളി, പാളയം സെന്റ് ജോസഫ് കത്തീഡ്രൽ, പാളയം ജുമാ മസ്ജിദ്, തിരുവല്ലം പരശുരാമ ക്ഷേത്രം, വിഴിഞ്ഞം ഗുഹാ ക്ഷേത്രം, കഴക്കൂട്ടം ശ്രീ മഹാദേവ ക്ഷേത്രം, വെട്ടുകാട് പള്ളി, കടുവയിൽ ജുമാ മസ്ജിദ്, വർക്കല ജനാർദ്ധനസ്വാമി ക്ഷേത്രം, ശിവഗിരി മഠം, ചെമ്പഴന്തി ശ്രീ നാരായണ ഗുരു ആശ്രമം, അരുവിപ്പുറം ആശ്രമം, തോന്നയ്ക്കൽ സായിഗ്രാമം, ശാന്തിഗിരി ആശ്രമം.

**കൊല്ലം**

അച്ചൻകോവിൽ അയ്യപ്പ ക്ഷേത്രം, ആര്യങ്കാവ് ശാസ്താ ക്ഷേത്രം, ചെറിയ അഴീക്കൽ കാശി വിശ്വനാഥ ക്ഷേത്രം, മലനട ദുര്യോധന ക്ഷേത്രം, ഓച്ചിറ പരബ്രഹ്മ ക്ഷേത്രം, മയ്യനാട് സുബ്രഹ്മണ്യ ക്ഷേത്രം, രാമേശ്വര ക്ഷേത്രം, ശാസ്താംകോട്ട ധർമ്മശാസ്ത ക്ഷേത്രം, സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്, കല്ലട.

**പത്തനംതിട്ട**

ചെറുകോൽപ്പുഴ ഹിന്ദു സമ്മേളനം, ഏഴംകുളം ദേവീ ക്ഷേത്രം, കടമ്മനിട്ട ദേവീ ക്ഷേത്രം, കടമ്പനാട് സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച്, കല്ലുപ്പാറ സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്, കവിയൂർ ഹനുമാൻ ക്ഷേത്രം, മലയാലപ്പുഴ ഭഗവതി ക്ഷേത്രം, മാരാമൺ കൺവെൻഷൻ, നിരണം ചർച്ച്, പത്തനംതിട്ട ജുമാ മസ്ജിദ്.

**ആലപ്പുഴ**

അമ്പലപ്പുഴ ശ്രീ കൃഷ്ണ ക്ഷേത്രം, അർത്തുങ്കൽ ചർച്ച്, ചക്കുളത്ത് ഭഗവതി ക്ഷേത്രം, ചമ്പക്കുളം ചർച്ച്, ചെട്ടിക്കുളങ്ങര ഭഗവതി ക്ഷേത്രം, എടത്വാ ചർച്ച്, മണ്ണാറശാല ശ്രീ നാഗരാജ ക്ഷേത്രം, കക്കാഴം മോസ്ക്, കരുമാടിക്കുട്ടൻ പ്രതിമ, കവിയൂർ ക്ഷേത്രം.

**കോട്ടയം**

മണ്ണാർക്കാട് ഭഗവതി ക്ഷേത്രം, കടുത്തുരുത്തി വലിയ പള്ളി, ഏറ്റുമാനൂർ മഹാദേവർ ക്ഷേത്രം, താഴത്തങ്ങാടി ജുമാ മസ്ജിദ്, പനച്ചിക്കാട് സരസ്വതി ക്ഷേത്രം, വൈക്കം ശിവ ക്ഷേത്രം, പെരുന്ന ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, പുതുപ്പള്ളി സെന്റ് ജോർജ്ജ് ചർച്ച്, അതിരമ്പുഴ സെന്റ് മേരീസ് ഫോറെയിൻ ചർച്ച്, ഭരണങ്ങാനം സെന്റ് മേരീസ് ചർച്ച്, കുടമാളൂർ സെന്റ് മേരീസ് ചർച്ച്, കുറവിലങ്ങാട് സെന്റ് മേരീസ് ചർച്ച്, മണർക്കാട് സെന്റ് മേരീസ് ചർച്ച്, തിരുനക്കര മഹാദേവ ക്ഷേത്രം, രാമപുരം നാലമ്പലം, ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന കേന്ദ്രം, ശ്രീ കൃഷ്ണ സ്വാമി ക്ഷേത്രം, കടപ്പാട്ടൂർ ക്ഷേത്രം.

**ഇടുക്കി**

മംഗളാദേവി ക്ഷേത്രം, കാരിക്കോട് ഭഗവതി ക്ഷേത്രം, അണ്ണാമലൈ ക്ഷേത്രം, കാരിക്കോട് മൗണ്ട് കാർമൽ ചർച്ച്, കാരിക്കോട് നൈനാൻ മസ്ജിദ്.

**എറണാകുളം**

ചോറ്റാനിക്കര ക്ഷേത്രം, കാഞ്ഞിരമറ്റം മോസ്ക്, ആലുവാ മണപ്പുറം ശിവ ക്ഷേത്രം, മലയാറ്റൂർ പള്ളി, സാന്താക്രൂസ് ബസിലിക്ക, മട്ടാഞ്ചേരി സിനഗോഗ്, തൃക്കാക്കര വാമനമൂർത്തി ക്ഷേത്രം.

**തൃശൂർ**

ആറാട്ടുപുഴ ക്ഷേത്രം, ചേരമാൻ ജുമാ മസ്ജിദ്, ഗുരുവായൂർ ക്ഷേത്രം, ഇരിഞ്ഞാലക്കുട കൂടൽമാണിക്യ ക്ഷേത്രം, കുറുംബ ഭഗവതി ക്ഷേത്രം, കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം, മമ്മിയൂർ ക്ഷേത്രം, നാലമ്പലം ദർശനം, പാറമേക്കാവ് ഭഗവതി ക്ഷേത്രം, പാലയൂർ ചർച്ച്, തൃപ്രയാർ ശ്രീ രാമ ക്ഷേത്രം, കൊരട്ടി സെന്റ് മേരീസ് ഫൊറയിൻ ചർച്ച്, തിരുവമ്പാടി ക്ഷേത്രം, വടക്കുംനാഥ ക്ഷേത്രം, മാള സിനഗോഗ്.

**പാലക്കാട്**

ജൈനമേട് ജെയിൻ ടെംപിൾ, കൽപ്പാത്തി അഗ്രഹാരം, വിശ്വനാഥ സ്വാമി ക്ഷേത്രം, തിരുവില്വാമല ക്ഷേത്രം, വരാഹമൂർത്തി ക്ഷേത്രം.

**മലപ്പുറം**

തൃപ്പരങ്ങോട് ഗരുഡാ ക്ഷേത്രം, ആലത്തിയൂർ ഹനുമാൻ ക്ഷേത്രം, പൊന്നാനി ജമാ അത്ത് മോസ്ക്, വേട്ടക്കൊരുമകൻ ക്ഷേത്രം, നാവാമുകുന്ദ ക്ഷേത്രം, പഴയങ്ങാടി മോസ്ക്, കേരളാദീശ്വരപുരം ക്ഷേത്രം, ചമ്രവട്ടം ശാസ്താക്ഷേത്രം, ശ്രീ കാടാമ്പുഴ ഭഗവതി ക്ഷേത്രം, പെരിന്തൽമണ്ണ തളി ക്ഷേത്രം, തിരുമാന്ധാംകുന്ന് ക്ഷേത്രം, കൊണ്ടോട്ടി മുസ്ലീം ജമാ അത്ത് മോസ്ക്, വെളിയംകോട് മമ്പുറം.

**കോഴിക്കോട്**

ജെയിൻ ടെംപിൾ, മാനാഞ്ചിറ സി.എസ്.ഐ. ചർച്ച്, കുറ്റിച്ചില ജുമാ മസ്ജിദ്, ലോകനാർക്കാവ് ക്ഷേത്രം, മഷ്കാൽ മസ്ജിദ്, കുറ്റിച്ചിറ മദർ ഓഫ് ഗോഡ് ചർച്ച്, മാനാഞ്ചിറ തളി ക്ഷേത്രം.

**വയനാട്**

സുൽത്താൻബത്തേരി ജൈന ക്ഷേത്രം, കോറോം മോസ്ക്, തിരുനെല്ലി ക്ഷേത്രം, തൃശ്ശിലേരി ക്ഷേത്രം, വള്ളിയൂർക്കാവ് ഭഗവതി ക്ഷേത്രം.

**കണ്ണൂർ**

ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രം, കൊട്ടിയൂർ ക്ഷേത്രം, ഓടത്തിൽപള്ളി മോസ്ക്, പറശ്ശിനിക്കടവ് ക്ഷേത്രം, പയ്യന്നൂർ സുബ്രഹ്മണ്യ ക്ഷേത്രം, രാജരാജേശ്വര ക്ഷേത്രം, സൂര്യനാരായണ ക്ഷേത്രം, കതിരൂർ സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച്.

**കാസർഗോഡ്**

അനന്തപുരം ലേക്ക് ടെംപിൾ, മധുർ ക്ഷേത്രം, മാലിക് ദിനാർ മോസ്ക്, ശ്രീ മഹാലിംഗേശ്വര ക്ഷേത്രം.

7. വിവിധ ജില്ലകളിലെ നിർദ്ദിഷ്ട ടൂറിസം സർക്യൂട്ടിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യത്യസ്ഥങ്ങളായ ആരാധനാലയങ്ങളുടെ ലിസ്റ്റ് വിശദമായി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ/ ശിപാർശകൾ സർക്കാരിന്റെ സജീവ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. എറണാകുളം, എല്ലാ മതവിഭാഗങ്ങൾക്കും സന്ദർശനം നടത്താവുന്ന പള്ളികളും ക്ഷേത്രങ്ങളും ഉള്ള ഒരു പ്രദേശമാണെന്നും അതുപോലെ അവയിൽ ജൂതന്മാരുടെ സിനഗോഗ്, ചേരമാൻ പള്ളി എന്നിവ ഏറെ പ്രാധാന്യമുള്ളവയാണെന്നും ഇത്തരത്തിലുള്ള ആലയങ്ങൾ പ്രയോജനപ്പെടുത്തിയാൽ സാമുദായിക കൂട്ടായ്മയും മതസൗഹാർദ്ദവും വളർത്തുവാൻ സാധിക്കുമെന്നും സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ എറണാകുളം പോലുള്ള സ്ഥലങ്ങളിൽ വന്നെത്തുന്ന വിനോദസഞ്ചാരികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും എറണാകുളത്തെ ബ്രോഡ്‍വേയിലുള്ള കേരളത്തിലെ ഏറ്റവും വലിയ സിനഗോഗ് തീർത്ഥാടന ടൂറിസം സർക്യൂട്ടിന്റെ ഭാഗമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

8. കൂടാതെ വിവിധ മതസ്ഥരുടെ ചരിത്രപ്രാധാന്യമുള്ള പ്രമുഖ ആരാധനാലയങ്ങളെ ബന്ധപ്പെടുത്തി തയ്യാറാക്കിയ 'മൾട്ടി ഫെയ്ത്ത് ടൂർ' എന്ന ഒരു ദിവസം നീണ്ടു നിൽക്കുന്ന ടൂർ പാക്കേജിൽ കാലടിയിലെ ശങ്കരമഠം, കൊടുങ്ങല്ലൂരിലെ ചേരമാൻ മസ്ജിദ്, വല്ലാർപാടത്തെ ബസലിക്ക, മട്ടാഞ്ചേരിയിലെ ജൂതദേവാലയം എന്നിവയോടൊപ്പം മലയാറ്റൂർ പള്ളി കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. കാസർഗോഡ് ജില്ലയിൽ ലിസ്റ്റിൽ നേരത്തെ ഉൾപ്പെടുന്നവയായ അനന്തപുരം ലേക്ക് ടെംപിൾ, മധുർ ക്ഷേത്രം, മാലിക് ദിനാർ മോസ്ക്, മഹാലിംഗേശ്വര ക്ഷേത്രം എന്നിവയോടൊപ്പം ജില്ലയിലെ വ്യാകുലമാതാവ് ചർച്ച് കൂടി ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം എറണാകുളത്തെ വല്ലാർപാടം തീർത്ഥാടന കേന്ദ്രം, മലപ്പുറത്തെ ക്രിസ്ത്യൻ പള്ളി, എരുമേലിയിലെ വാവരു പള്ളി എന്നിവയും കൂടി പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. കണ്ണൂർ ജില്ലയിലെ 150-ഓളം വർഷം പഴക്കമുള്ള ബർമ്മശ്ശേരി പള്ളിയും സെന്റ് ജൂഡ് ദേവാലയവും വയനാട് ജില്ലയിലെ വള്ളിക്കുന്നിലെ പള്ളികളും ഈ വിധത്തിൽ പ്രാധാന്യം ഒട്ടും കുറച്ചു കാണാൻ കഴിയാത്തവയായതിനാൽ ഈ ദേവാലയങ്ങളെയും ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

11. തൃശൂർ ജില്ലയിലെ ചാലക്കുടിയിൽ എ.ഡി. 600-ൽ സ്ഥാപിക്കപ്പെട്ട സെന്റ് മേരീസ് ഫെറോന ചർച്ച്, എ.ഡി. 1600-ൽ നിർമ്മിക്കപ്പെട്ട ചാലക്കുടിയിലെ സമ്പാളൂർ സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് ചർച്ച് എന്നിവ എല്ലാ മതസ്ഥർക്കും പ്രവേശനമുള്ളതാണെന്നും ആയതിനാൽ ഈ രണ്ട് ആരാധനാലയങ്ങളും ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. അതുപോലെ തൊടുപുഴയ്ക്കടുത്തുള്ള മുതലക്കുളത്ത് സെന്റ് ഫ്രാൻസിസ് ദേവാലയത്തിന് മതേതരത്വ സ്വഭാവം ഉള്ളതാകയാൽ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. കോട്ടയം ജില്ലയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളായ കടുത്തുരുത്തി തളിയൽ മഹാദേവർ ക്ഷേത്രം, ആദിത്യപുരം സൂര്യദേവ ക്ഷേത്രം, കടുത്തുരുത്തി താഴത്ത് പള്ളി, കുറുപ്പുന്തുറ മള്ളിയൂർ ക്ഷേത്രം, വൈക്കം വെച്ചൂർ മുത്തിയമ്മ ചർച്ച് എന്നിവയും ഇപ്രകാരം ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

13. പത്തനംതിട്ട ജില്ലയിലെ മഞ്ഞനക്കരപള്ളി വ്യത്യസ്ഥ മതവിഭാഗങ്ങളിൽ പ്പെട്ടവർക്ക് സന്ദർശനം അനുവദിക്കുന്ന ഒന്നാകയാൽ, പ്രസ്തുത ജില്ലയിൽ വരുന്ന ആരാധനാലയങ്ങളുടെ ലിസ്റ്റിൽ ഈ ദേവാലയത്തെക്കൂടെ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. സന്ദർശനത്തിനുള്ള പാക്കേജിൽ ആരാധനാലയങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതുമൂലം ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകളും വിരസതയും പരമാവധി ലഘൂകരിക്കുന്ന തരത്തിലാക്കി വേണം സ്ഥലങ്ങളും ആരാധനാലയങ്ങളും പാക്കേജിൽ ഉൾപ്പെടുത്തേണ്ടതെന്നും ഒരു ടൂറിസ്റ്റിന് ഒരു ദിവസം എത്ര ആരാധനാലയങ്ങൾ സന്ദർശിക്കാൻ സാധിക്കും എന്നും ഓരോ സ്ഥലത്തും ആരാധനാലയങ്ങളോടൊപ്പം സന്ദർശിക്കാവുന്ന മറ്റ് വിനോദസഞ്ചാര മേഖലകൾ ഏതെല്ലാം എന്നും സമഗ്രമായി പരിശോധിച്ചതിനുശേഷം മാത്രമേ ടൂർ പാക്കേജിന് അന്തിമരൂപം നൽകുവാൻ പാടുള്ളൂ എന്നും സമിതി നിഷ്ക്കർഷിക്കുന്നു.

15. വിനോദസഞ്ചാരത്തിലധിഷ്ഠിതമായ മാനസികോല്ലാസം എന്ന പതിവു രീതിയോടൊപ്പം ആത്മീയമായ സംതൃപ്തി എന്ന തികച്ചും വ്യത്യസ്ഥമായ ഒരു ആശയം കൂടി ഉൾക്കൊളളിച്ചിട്ടുളളതിനാൽ എന്തുകൊണ്ടും ഉദാത്തമായ ഒരു തീരുമാനം തന്നെയാണ് പിൽഗ്രിം ടൂറിസം സർക്യൂട്ടുകൾക്കു പിന്നിലുള്ളത്. വിവിധ മതവിഭാഗങ്ങളുടെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ഈ ആശയം വികസിപ്പിക്കുന്നതിലൂടെ കൂടുതൽ തീർത്ഥാടക ടൂറിസ്റ്റുകളെ നമ്മുടെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാനും അതുവഴി സംസ്ഥാനത്തിന് അധിക സാമ്പത്തിക നേട്ടം ഉണ്ടാക്കുവാനും കഴിയുമെന്ന് സമിതി വിലയിരുത്തുന്നു. ചുരുങ്ങിയ കാലംകൊണ്ടുതന്നെ ലോകത്ത് അങ്ങോളമിങ്ങോളമുള്ള വിവിധ ജനവിഭാഗങ്ങളെ നല്ലൊരളവുവരെ സ്വാധീനിക്കുവാൻ കഴിഞ്ഞ ഈ നൂതന സംരംഭം അതിന്റെ എല്ലാ ആർജ്ജവത്തോടും കൂടി നമ്മുടെ സംസ്ഥാനത്തും നടപ്പാക്കുവാനുതകുന്ന തരത്തിലുള്ള നവീന ആശയങ്ങൾ ഈ പദ്ധതിയിൽ കൂട്ടിച്ചേർക്കണമെന്നു കൂടി സമിതി ആഹ്വാനം ചെയ്യുന്നു.

**തിരുവഞ്ചൂർ രാധാകൃഷ്ണൻ,**
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി X.*

തിരുവനന്തപുരം,
2014 ഒക്ടോബർ 31.